# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.17.10.2018

### കുളത്തൂപ്പുഴ ഫോറസ്റ്റ് മ്യൂസിയം : ശിലാസ്ഥാപനം ഒക്ടോബർ 19 ന്

വനം വന്യജീവി വകുപ്പ് കുളത്തൂപ്പുഴയിൽ സ്ഥാപിക്കുന്ന ഫോറസ്റ്റ് മ്യൂസിയത്തിന്റെ ശിലാസ്ഥാപന കർമ്മം ഒക്ടോബർ 19-ന് രാവിലെ 10 ന് വനം വകുപ്പുമന്ത്രി അഡ്വ. കെ. രാജു നിർവ്വഹിക്കും. കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ലൈലാബീവി അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എൻ.കെ. പ്രേമചന്ദ്രൻ എം.പി. മുഖ്യപ്രഭാഷണം നടത്തും.

വനത്തേയും വന്യജീവികളേയും മറ്റ് ജൈവവൈവിധ്യങ്ങളേയും സംബന്ധിച്ച അറിവ് പൊതുജനങ്ങളിൽ പകരാൻ ഉതകുന്ന തരത്തിലുള്ള നാചറൽ ഹിസ്റ്ററി മ്യൂസിയമാണ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ ഗവേഷണങ്ങൾക്കും പരിശീലനങ്ങൾക്കുമുള്ള സൗകര്യം ഇവിടെ ഉണ്ടാകും. 3.3 എക്കർ സ്ഥലത്ത് സ്ഥാപിക്കുന്ന മ്യൂസിയത്തിൽ എക്സിബിഷൻ ഹാളുകൾ, ഓഡിയോ വിഷൽ റൂം, ഇക്കോഷോപ്പ്, ട്രൈബൽ ഹട്ട്, ഗസ്റ്റ് ഹൗസ്, ചിൽഡ്രൻസ് പാർക്ക്, കുളിക്കടവ്, ലഘു ഭക്ഷണശാല തുടങ്ങിയവ യുമുണ്ടാകും.നിലവിലുള്ള ജൈവവൈവിധ്യം ഇതേപടി നിലനിർത്തിക്കൊണ്ടായിരിക്കും മ്യൂസിയം നിർമ്മിക്കുക.

കുളത്തൂപ്പുഴ ഫോറസ്റ്റ് ഓഫീസ് അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, വനം വകുപ്പുദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിക്കും.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ